## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3304**

**11/05/2017 ൽ മറുപടിയ്ക്ക്**

### ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾ

**ചോദ്യം**

ശ്രീ.ജെയിംസ് മാത്യൂ
ശ്രീ.കെ.ആൻസലൻ
ശ്രീ.വി.കെ.സി.മമ്മത് കോയ
ശ്രീ.മുരളി പെരുനെല്ലി

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും പുതിയ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി പ്രത്യേക തൊഴിൽദാന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കി വരുന്ന 'എന്റെ ഗ്രാമം' പദ്ധതി സംസ്ഥാനത്ത് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സംരംഭകരുടെ ലഭ്യതയനുസരിച്ച് പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഉതകുന്നതാണ്. കൂടാതെ 'ഖാദി ഗ്രാമം' എന്ന ഒരു പുതിയ പദ്ധതിക്ക് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെടുന്ന 2 പഞ്ചായത്തുകളിൽ ഖാദി യൂണിറ്റുകൾ സ്ഥാപിക്കാൻ സാധിക്കുന്നതാണ്. കൂടാതെ പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം മാർജിൻ മണി ധനസഹായം കേരളത്തിലെ എല്ലാ ഗ്രാമ പ്രദേശങ്ങളിലും നൽകുന്നുണ്ട്. |
| (ബി) | ഇപ്രകാരം പുതിയ യൂണിറ്റുകൾ സ്ഥാപിക്കാൻ എന്തെല്ലാം ധന സഹായമാണ് നൽകാനുദ്ദേശിക്കുന്നത് ; | (ബി) | ഇത്തരം യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ചർക്ക,തറി, അനുബന്ധ ഉപകരണങ്ങൾ എന്നിവ നൽകിയും ഉല്പാദനത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ നൽകിയും ഉല്പന്നങ്ങൾ സമീപ ഡിപ്പാർട്ട്മെന്റൽ യൂണിറ്റുകളിൽ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ച് തൊഴിലാളികൾക്ക് കൂലിയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതാണ് പദ്ധതി. ഗ്രാമ വ്യവസായ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ബാങ്കുകൾ വഴി വായ്പയും ഖാദി ബോർഡിൽ നിന്നും 25% മുതൽ 40% വരെ മാർജിൻമണി ഗ്രാന്റും നൽകുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഈ മേഖലയിൽ എത്ര തൊഴില വസരങ്ങൾ സൃഷ്ടിക്കപ്പെട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ ; | (സി) | ഖാദി ഗ്രാമം പദ്ധതിയിലൂടെ ഒരു വർഷം 1000 പേർക്കും എന്റെ ഗ്രാമം പദ്ധതിയിൽ 1000 പേർക്കും തൊഴിൽ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം സംരംഭകർക്ക് ആവശ്യമായ സാങ്കേതികസഹായവും വിപണന സഹായവും നൽകുന്നതിന് ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ഡി) | പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം സംരംഭകർക്ക് ഇ.ഡി.പി. (എന്റർപ്രണർ ഡവലപ്പ്മെന്റ് പ്രോഗ്രാം) ട്രെയിനിംഗ് നൽകുന്നുണ്ട്. കൂടാതെ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിലുള്ള വിൽപനശാലകൾ മുഖേന വിൽപന നടത്തുന്നതിനുള്ള സാഹചര്യം നിലവിൽ ഉണ്ട്. ഖാദി നൂൽ നൂല്പിലും നെയ്ത്ത് തൊഴിലിലും സ്റ്റൈപന്റോട്ടുകൂടിയുള്ള പരിശീലനവും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ